നടക്കുവാനുള്ള സാഹചര്യമൊന്നും കാണുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള സൂചിപ്പിച്ച പ്രധാനപ്പെട്ട മറ്റൊരു കാര്യം അങ്ങേയ്ക്കും അറിയാം. തെരഞ്ഞെടുപ്പ് സെപ്റ്റംബർ മാസം 27-ാം തീയതി നടത്തും എന്നൊക്കെ പറയുമ്പോഴും നടക്കില്ല എന്നുപറയാനുള്ള കാരണം ആരെങ്കിലും കോടതിയെ സമീപിച്ചാൽ തീർച്ചയായും കോടതി ഇടപെടും, അങ്ങനെ വരുമ്പോൾ ഈ തെരഞ്ഞെടുപ്പ് ഈ പറയുന്നപോലെ നടക്കില്ല. അപ്പോൾ എത്രമാത്രം ആത്മാർത്ഥത ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കാണിച്ചാലും ഈ തെരഞ്ഞെടുപ്പ് നടക്കും എന്ന് വിശ്വസിക്കാൻ പറ്റാത്ത ഒരു സാഹചര്യം നിലനിൽക്കുമ്പോൾ ഇത്ര ഗൗരവമായ ഒരു വിഷയം നിയമസഭയിൽ ചർച്ച ചെയ്യേണ്ടത് ആവശ്യമായിരുന്നു. ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. ജോണി നെല്ലൂരും സഭ വിട്ട് പുറത്തുപോയി. സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

മലയോരമേഖലയിലെ ഗവൺമെന്റ് ആശുപത്രികളിൽ ഡോക്ടർമാരുടെ അഭാവം

ശ്രീ. കെ. സി. ജോസഫ്: സർ, ചികിൽസാസൗകര്യങ്ങൾ ഏറ്റവും പരിമിതമായി ലഭ്യമാകുന്ന മേഖലയാണ് നമ്മുടെ മലയോര മേഖല. മലയോര മേഖല കാലവർഷക്കെടുതിക്കുശേഷം ഇന്ന് പല പകർച്ചവ്യാധികളുടെയും പിടിയിലാണ്. മലയോര മേഖലയിലെ ആദിവാസി-ഹരിജൻ കോളനികളിലാകെ, വ്യാപകമായിക്കൊണ്ടിരിക്കുന്ന രോഗങ്ങൾമൂലം അവിടെയുള്ളവർ വളരെയധികം കഷ്ടപ്പെടേണ്ടിവരുന്ന ഒരു അവസ്ഥ ഉണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടിൽനിന്നും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്ത മലമ്പനി വീണ്ടും പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു. എന്നുമാത്രമല്ല ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പല രോഗങ്ങളും ഉണ്ടാക്കുന്ന ഭയാനകമായ സാഹചര്യം ഇന്ന് കേരളത്തിന്റെ മലയോര മേഖലയിൽ ഉണ്ട്. മലയോരമേഖലയുടെ ഏക ആശ്രയം ഗവണ്മെന്റ് പി.എച്ച്.സി.കളാണ്. അവിടെ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, പഞ്ചായത്തിന്റെ പണം എന്നിവ ഉപയോഗിച്ച് കെട്ടിടങ്ങൾ, ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, ഐ.പി. വാർഡ് എന്നിവ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. പക്ഷേ, ഇന്ന് ആ കെട്ടിടങ്ങളെല്ലാം വെറും നോക്കുകുത്തികളാണ്. ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്റർ ഒരു മലയോര മേഖലയുടെ എം.എൽ.എ.യാണ്. അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായ ശേഷം എന്റെ മണ്ഡലത്തിൽ രണ്ട് പി.എച്ച്.സി.കളിൽ ഐ.പി. വാർഡ് ഉണ്ട് — ഉദയഗിരി പി.എച്ച്.സി.യും, ഊട്ടുമം പി.എച്ച്.സി.യും. ഞങ്ങൾ അവിടെ പഞ്ചായത്തിന്റെ പണം മുടക്കി ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് തുടങ്ങി എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഉണ്ടാക്കി. എന്നിട്ട് രണ്ടുമാസം മുമ്പ് ആ ഐ.പി. വാർഡ് ഉദ്ഘാടനം ചെയ്യാൻ ഡേറ്റ് നിശ്ചയിച്ചു. ഞാൻ ഏതായാലും എന്റെ ഭാഗത്തുനിന്ന് ഉദ്ഘാടനം മാറ്റിവച്ചു. ഉദ്ഘാടനം ചെയ്യുന്നതല്ലാതെ അവിടെ ഡോക്ടർമാരില്ല. ഐ.പി. വാർഡ് എന്ന് എഴുതിയാൽ അവിടെ ഐ.പി. ഉണ്ടാകുമോ? പഞ്ചസാര എന്ന് എഴുതിയിട്ട് കടലാസിൽ നക്കിയാൽ മധുരമുണ്ടാകുമോ? ഐ.പി. വാർഡുകളിൽ ഡോക്ടർമാർ ഇല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടായില്ലായെങ്കിൽ കേരളത്തിന്റെ മലയോരമേഖലയിൽ ഇനിയും ഭയാനകമായ സാഹചര്യമുണ്ടാകും. ഇത് വളരെ ഗുരുതരമായ വിഷയമാണ്. കേരള മോഡൽ എന്നുപറയുന്നത് ഈ കാര്യത്തിലാണ്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഇന്ത്യയ്ക്കുതന്നെ മാതൃകയായ കേരളം ആരോഗ്യത്തിന്റെ കാര്യത്തിൽ സമീപകാലത്തുണ്ടായ പല മാരകരോഗങ്ങൾമൂലം പിന്നോക്കം പോകുന്ന അവസ്ഥ കാണാതെപോകരുത്. അതുകൊണ്ട് ദയവായി ഈ ഐ.പി. വാർഡ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെ നിയോഗിക്കണം. രണ്ടുവട്ടം പി.എസ്.സി. റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്തു. ഡോക്ടർമാരെ നിയമിച്ചാൽ ആരും ചാർജ്ജെടുക്കാത്ത ഈ ഗുരുതരമായ സാഹചര്യത്തിന് പരിഹാരം ഉണ്ടാക്കാനുള്ള ചുമതല കേരളത്തിലെ ഗവൺമെന്റിനുണ്ട്. ഞങ്ങൾക്ക് നാട്ടിലേക്ക് പോകാൻ നിവൃത്തിയില്ല. കാരണം, സർക്കാരിന്റെ പി.എച്ച്.സി.കളിലൊന്നും ഡോക്ടർമാരില്ല. എന്തുചെയ്യണം? ഇത് ഗൗരവമായി കണ്ടില്ലെങ്കിൽ കേരളത്തിന്റെ ആരോഗ്യരംഗത്ത് ഭയാനകമായ സാഹചര്യമുണ്ടാകും. എനിക്ക് മന്ത്രിയോട് രണ്ടുമൂന്ന് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഒന്ന്, ഇപ്പോൾ കോൺട്രാക്ട് വ്യവസ്ഥയിൽ 10,000 രൂപ ശമ്പളം കൊടുത്തുകൊണ്ട് ഡോക്ടർമാരെ നിയമിക്കുന്നുണ്ടെങ്കിലും 10,000 രൂപ എന്ന നാമമാത്രമായ സംഖ്യ വാങ്ങിക്കൊണ്ട് ഗ്രാമീണ മേഖലയിൽ വരാൻ ഒരു ഡോക്ടറും തയ്യാറല്ല. അതുകൊണ്ട് അവരുടെ ശമ്പളം 10,000 രൂപ എന്നത് 20,000 രൂപയായി വർദ്ധിപ്പിക്കണം. രണ്ട്, ഹെൽത്ത് സർവ്വീസിലെ ഡോക്ടർമാരുടെ ശമ്പളനിരക്ക് പരിഷ്കരിക്കണം. ഈ നാമമാത്രമായ ശമ്പളത്തിന് ഡോക്ടർമാർ വരില്ല. കേരളത്തിലെ പുതിയ പ്രൈവറ്റ് ഹോസ്പിറ്റലുകൾ ഭാരിച്ച ശമ്പളം കൊടുത്ത് ഡോക്ടർമാരെ റാഞ്ചിക്കൊണ്ടുപോകുകയാണ്. അതുകൊണ്ട് മാന്യമായ ശമ്പളം കൊടുത്തില്ലെങ്കിൽ ഈ നിലയ്ക്ക് മുന്നോട്ടുപോയാൽ നാളെ കേരളത്തിലെ ഒരു പി.എച്ച്.സി.യിലും സർക്കാർ സർവ്വീസിലും ഡോക്ടർമാർ ഉണ്ടാകില്ല. അതുകൊണ്ട് അടിയന്തിരമായി ഡോക്ടർമാരുടെ ശമ്പളം

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കരിക്കണം. മൂന്ന്, ഈ സഭയിൽ നമ്മളെല്ലാം വലിയ പോരാട്ടങ്ങൾ നടത്തി കേരളത്തിലെ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിലും, സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും 50 ശതമാനം മെറിറ്റ് സീറ്റിൽ അഡ്മിഷൻ നടക്കുന്നു. ആ മെറിറ്റ് സീറ്റിൽ നാമമാത്രമായ ഫീസാണ്. പക്ഷെ പഠിക്കുന്ന കുട്ടികൾക്ക് എന്തെങ്കിലും സാമൂഹ്യബാധ്യതയുണ്ടോ? സർക്കാർ ഖജനാവിൽ നിന്ന് പണം മുടക്കി പഠിപ്പിക്കുന്നു. ഇവർ പഠിച്ചുകഴിഞ്ഞാൽ ആരും ജോലി ചെയ്യാൻ ഗ്രാമങ്ങളിലേക്ക് വരില്ല. അതുകൊണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജിലും സെൽഫ് ഫിനാൻസിംഗ് കോളേജിലും അഡ്മിഷൻ കിട്ടുന്ന കുട്ടികൾക്ക് മിനിമം രണ്ടു കൊല്ലമെങ്കിലും ഗ്രാമീണ സർവ്വീസ് നിർബന്ധമാക്കി ബോണ്ട് വയ്പിക്കണം. നാവ്. ഗ്രാമീണ സർവ്വീസിൽ പോകുന്ന ഡോക്ടർമാർക്ക് പി.ജി. കോഴ്സിന് അർഹമായ പരിഗണനകൊടുക്കണം. ഇങ്ങനെയുള്ള ചില കാര്യങ്ങൾ ചെയ്തില്ലെങ്കിൽ കേരളത്തിലെ ഗ്രാമീണ മേഖലയിലെ ആരോഗ്യ പരിപാലന രംഗം വളരെയേറെ അനാഥമാകും. ഇക്കാര്യത്തിൽ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സ്പീക്കർ: മലയോര പ്രദേശത്തുമാത്രമല്ല എല്ലാ മേഖലയിലും ഡോക്ടർമാരുടെ ദൗർലഭ്യം രൂക്ഷമാണ്, അടിയന്തിര നടപടി സ്വീകരിക്കേണ്ട കാര്യമാണ്.

ആരോഗ്യവകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവതരമായിട്ടുള്ള കാര്യമാണ്. മെമ്പറുടെ വികാരങ്ങളോട് പൂർണ്ണമായും എനിക്ക് യോജിപ്പും ഉണ്ട്. സംസ്ഥാനത്തെ മലയോര പിന്നോക്ക മേഖലകളിൽ മാത്രമല്ല മിക്കവാറും എല്ലാ മേഖലകളിലും ആവശ്യമായ ഡോക്ടർമാർ ആരോഗ്യകേന്ദ്രങ്ങളിൽ ഇല്ല എന്നുള്ളത് വസ്തുതയാണ്. അത് പ്രധാനമായും ഗവൺമെന്റ് ശ്രമിക്കാത്തതുകൊണ്ടല്ല. ഞാൻ മന്ത്രിയായതിനുശേഷവും അതിനുമുമ്പും ധാരാളം ഡോക്ടർമാരെ പോസ്റ്റ് ചെയ്തു. ഹൗസ് സർജൻസി കഴിഞ്ഞ 476 ഡോക്ടർമാരെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഹൗസ് സർജൻസി കഴിയുന്ന ഡോക്ടർമാർക്ക് ഇപ്പോൾ ബോണ്ടഡ് ഒബ്ലിഗേഷൻ നിലവിലുണ്ട്. അവരെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ പോസ്റ്റ് ചെയ്തു. അവർ ഹൈക്കോടതിയിൽപോയി, ഒരു വിധി വാങ്ങി അവരെല്ലാം വിട്ടുപോയി. അതിന് അവർ അന്ന് ചൂണ്ടിക്കാണിച്ചകാരണം പി.എസ്.സി. ലിസ്റ്റ് ഉണ്ട്, അതുകൊണ്ട് ഞങ്ങളെ അനാവശ്യമായി ബുദ്ധിമുട്ടിക്കരുതെന്നാണ്. അവരെ റിലീവ് ചെയ്തശേഷം ഗവൺമെന്റ് പി.എസ്.സി. ലിസ്റ്റിൽ നിന്ന് ആദ്യം 616 പേരെ പോസ്റ്റ് ചെയ്തു. അതിൽ ആകെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജോയിൻ ചെയ്തത് 244 പേരാണ്. പി.ജി. പഠനം നടത്തുന്നവർ അതിൽ 266 പേരുണ്ട്. അവർക്ക് ജോയിൻ ചെയ്യാൻ കഴിയുകയില്ല. 106 പേർ ജോയിൻ ചെയ്തതേയില്ല. രണ്ടാമത് 358 പേരെ പോസ്റ്റ് ചെയ്തു. പി.എസ്.സി. യുടെ ആ ലിസ്റ്റിൽ നിന്ന് 173 പേരാണ് ജോയിൻ ചെയ്തത്. 358-ൽ പി.ജി. പഠനം നടത്തുന്നവർ 101 പേരാണ്. 84 പേർ തീരെ ജോയിൻ ചെയ്തില്ല. മൂന്നാമത് 106 പേരെ പോസ്റ്റ് ചെയ്തു. അതിൽ ജോയിൻ ചെയ്തത് 34 പേരാണ്. നാലാമത് 185 പേരെ പോസ്റ്റ് ചെയ്തു, ജോയിൻ ചെയ്തത് 67 പേരാണ്. ആകെ 1265 ഡോക്ടർമാരെ പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമനം നടത്തിയപ്പോൾ ജോയിൻ ചെയ്തത് 518 പേർ മാത്രമാണ്. ഗവൺമെന്റ് ശ്രമിക്കാത്തതുകൊണ്ടല്ല. മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രധാനപ്പെട്ട കാര്യമാണ്. സർക്കാർ സർവീസിൽ ജോലി ചെയ്യുന്ന ഡോക്ടർക്ക് തുടക്കത്തിൽ കിട്ടുന്നത് ആകെ അടിസ്ഥാന ശമ്പളവും ഡി.എ.യും, എച്ച്.ആർ.എ.യും ആണ്. റൂറൽ ഏരിയായിൽ ജോലിയാണെങ്കിൽ 300 രൂപ അധികം കിട്ടും. അങ്ങനെ ആകെ കിട്ടുന്നത് 11,848 രൂപയാണ്. ഒരു ഡോക്ടർ ദീർഘകാലത്തെ പഠനം പൂർത്തിയാക്കി ഹൗസ് സർജൻസി കഴിഞ്ഞ് ആദ്യമായി സർവീസിൽ ചേരുമ്പോൾ കിട്ടുന്ന ആകെ ശമ്പളം എന്നുപറയുന്നത് 11,848 രൂപയാണ്. 7,200 രൂപ അടിസ്ഥാന ശമ്പളം. ഡി.എ. 4,248 രൂപ, എച്ച്.ആർ.എ. 100 രൂപ, റൂറൽ അലവൻസ് 300 രൂപ, റൂറൽ ഏരിയ ആണെങ്കിൽ അതുകിട്ടും. അതുകൊണ്ട് ഈ ഡോക്ടർമാർ ഇന്ന് സ്വകാര്യ ആശുപത്രികളിലേക്ക് ജോലി സ്വീകരിച്ചു പോകുകയാണ് ചെയ്യുന്നത്. ഇന്ന് കൂണുപോലെ പുതിയ പുതിയ ആശുപത്രികൾ സ്വകാര്യ മേഖലയിൽ പലയിടത്തും വരികയാണ്. ഒരു ഡോക്ടർക്ക് സ്വകാര്യ ആശുപത്രിയിൽ കയറുമ്പോൾ സ്വാഭാവികമായി ചുരുങ്ങിയത് ഇരുപത്തിയയ്യായിരം രൂപയെങ്കിലും കിട്ടും. അതും വീട്ടിനടുത്തു കിട്ടും. അതു മാത്രമല്ല പലരും വിദേശ രാജ്യങ്ങളിലേക്ക് ജോലി തേടി പോകുകയും ചെയ്യുന്നു. ഡോക്ടർമാരെ കിട്ടാനുള്ള പ്രയാസംകൊണ്ട് ഗവൺമെന്റ് വളരെയേറെ വിഷമതകൾ അനുഭവിക്കുന്നുണ്ട്. ഈ ഗവൺമെന്റാണ് കേരളത്തിൽ ആദ്യമായി 201 ആരോഗ്യ കേന്ദ്രങ്ങളിൽ ഐ.പി. തുറക്കാൻ തീരുമാനിച്ചതും അതിന് 1200 തസ്തികകൾ സൃഷ്ടിച്ചതും. അതുവഴി ഒരു വർഷം പത്തു കോടിയിൽപ്പരം രൂപയുടെ ബാദ്ധ്യതയാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തത്. ഈ ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിൽസ നൽകി ഗ്രാമീണമേഖലയിൽ, പ്രത്യേകിച്ചും അവിടെയുള്ള നിർദ്ധനരായ രോഗികൾക്ക് ചികിൽസയ്ക്കുള്ള സൗകര്യമൊരുക്കുകയെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ഈ പരിപാടി തുടങ്ങിയത്. പക്ഷെ എന്തുചെയ്യാൻ കഴിയും! 201 ഐ.പി. കേന്ദ്രങ്ങൾ തുറന്നിട്ട് 100 എണ്ണം പോലും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഡോക്ടർമാരുടെ അക്യൂട്ട് ഷോർട്ടേജാണ്. ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയും. ഇവരെ ഈ

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ സർക്കാർ സർവീസിൽ ഡോക്ടർമാരെ കിട്ടില്ല എന്ന സ്ഥിതിവരും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ഇപ്പോൾ 10,000 രൂപയാണ് ഒരു ഡോക്ടർക്ക് പ്രതിമാസം കൊടുക്കുന്നത്. റിട്ടയേർഡ് ഡോക്ടർമാരെയടക്കം വയ്ക്കാം. പക്ഷെ 10,000 രൂപയ്ക്ക് സർവീസിൽ ആളെ കിട്ടാനില്ല. തുടക്കത്തിൽ 11,848 രൂപ, എം.ബി.ബി.എസും, ഹൗസ്സർജൻസിയും കഴിഞ്ഞ ഡോക്ടർക്ക് കിട്ടും. പി.എസ്.സി. ലിസ്റ്റിലുള്ളവരെ പോസ്റ്റ് ചെയ്തിട്ട് വരാതിരിക്കുന്നതിന് കാരണമതാണ്. ഈ ചുരുങ്ങിയ വേതനത്തിന് ആരും ജോലി ചെയ്യാൻ തയ്യാറില്ല. അതുമാത്രമല്ല അവർക്ക് ഒരു അട്രാക്ഷനുണ്ടായിരുന്നു, സർവീസ് കോട്ടയുണ്ടായിരുന്നു, പി.ജി.ക്ക് ആ സർവീസ് കോട്ടയുള്ളത് കോടതിയുടെ ഇടപെടൽമൂലം എടുത്തുകളഞ്ഞിരിക്കുകയാണ്. ഗവൺമെന്റ് ഈ കാര്യത്തിൽ നിയമനിർമ്മാണം ഉണ്ടാക്കാൻ തീരുമാനമെടുത്തിരിക്കുകയാണ്. മുഖ്യമന്ത്രി കൂടി പങ്കെടുത്ത ഒരു യോഗത്തിൽ ഈ പി.ജി. കോട്ട നിലനിറുത്തുന്നതിന് ആവശ്യമായിട്ടുള്ള നിയമനിർമ്മാണത്തിന് തീരുമാനിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് സർവീസിനോട് ഡോക്ടർമാർക്ക് ഒരു അട്രാക്ഷൻ വേണമെന്നുള്ളതുകൊണ്ടുതന്നെയാണ്. അതുമാത്രമല്ല ഹൗസ് സർജൻസി കഴിഞ്ഞയാളുകളുടെ, ഗവൺമെന്റിനോട് ബോൺഡഡ് ഓബ്ലിഗേഷനുള്ള ആളുകളുടെ സേവനം നിർബന്ധമായും ഗവൺമെന്റ് മേഖലയിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനും ഗവൺമെന്റ് ഒരു നിയമനിർമ്മാണമുണ്ടാക്കുകയാണ്. അതുമാത്രമല്ല ഹൗസ് സർജൻസി കഴിഞ്ഞാൽ നിർബന്ധ സേവനത്തിൽ നിന്ന് രക്ഷപ്പെടാതിരിക്കുന്നതിന്, അവർക്ക് പി.ജി. ക്ക് അഡ്മിഷൻ കിട്ടണമെങ്കിൽ ഹൗസ്സർജൻസി കഴിഞ്ഞവർ നിർബന്ധമായും റൂറൽ ഏരിയായിൽ സർവീസ് ചെയ്തിരിക്കണമെന്നുള്ള ബോണ്ടഡ് ഓബ്ലിഗേഷൻ പാലിക്കാൻ നിർബന്ധിതരാക്കുന്നതിനായി അടുത്ത പി.ജി. കോഴ്സിന്റെ പ്രോസ്പെക്ടസിൽ ഈ റൂറൽ സർവീസ് നിർബന്ധമാക്കുകയാണ്. അങ്ങനെയുള്ളവർക്കുമാത്രമേ പി.ജി. കോഴ്സിന് അഡ്മിഷൻ നൽകുകയുള്ളൂ എന്ന വിധത്തിൽ പ്രോസ്പെക്ടസിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. സാമ്പത്തികമായി പരിമിതികൾ ഉണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. ഡോക്ടർമാർക്ക് അൽപ്പമെങ്കിലും മെച്ചപ്പെട്ട വേതനം ഇപ്പോൾ ശമ്പളക്കമ്മിഷന്റെ പരിഗണനയിലുണ്ട്. എന്റെ വ്യക്തിപരമായ അഭിപ്രായം ഡോക്ടർമാർക്ക് മെച്ചപ്പെട്ട വേതനം കൊടുത്തില്ലെങ്കിൽ അവർക്ക് സർക്കാർ സർവീസിൽ വന്ന് ചേരാൻ വിഷമമായിരിക്കും എന്നാണ്. സാമ്പത്തിക പരിമിതികൾ ഈ ഗവൺമെന്റിന് വളരെയധികം ഉണ്ടെങ്കിൽപ്പോലും ഡോക്ടർമാർക്ക് മെച്ചപ്പെട്ട വേതനം കൊടുക്കാനാവശ്യമായിട്ടുള്ള നടപടികൾ ശമ്പള കമ്മിഷൻ പരിഗണിക്കുന്നുണ്ട്.

ആരോഗ്യമേഖലയിൽ സേവനം ചെയ്യാൻ ഡോക്ടർമാരെ കിട്ടുന്നില്ലെങ്കിൽ എത്ര ആരോഗ്യകേന്ദ്രങ്ങൾ തുറന്നിട്ടും കാര്യമില്ല. അവിടെയിപ്പോൾ ഐ.പി. തുറന്നുകഴിഞ്ഞാൽ ആദ്യമൊക്കെ ചിലപ്പോൾ ഡോക്ടർമാരെ കാണാം., പിന്നെ കുറേ ദിവസം കഴിയുമ്പോൾ അവരെ കാണാൻ കഴിയാത്ത സ്ഥിതിവിശേഷമാണ്. ഈ ഗവൺമെന്റ് വന്നശേഷം സർക്കാർ സർവീസിൽ നിലവിലുള്ള ഡോക്ടർമാർക്ക് ദീർഘകാലം ലീവ് കൊടുക്കില്ല എന്നു തീരുമാനിച്ചിട്ടുണ്ട്; ലീവ് കൊടുക്കുന്നുമില്ല. അങ്ങനെയൊക്കെയേ ഗവൺമെന്റിന് ചെയ്യാൻ കഴിയുകയുള്ളൂ. പിന്നെ ഈ രംഗം കുറേക്കൂടി അട്രാക്ടീവാക്കാൻ ആവശ്യമായിട്ടുള്ള വിധത്തിൽ ഡോക്ടർമാരുടെ വേതനത്തിൽ വർദ്ധനവ് കൊടുക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. 10,000 രൂപ പ്രകാരം കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർമാരുടേയും വേതനം enhance ചെയ്തില്ലായെങ്കിൽ നമ്മുടെ റൂറൽ സർവീസിൽ ഡോക്ടർമാരെ കിട്ടാൻ പ്രയാസമായിവരും. ഗവൺമെന്റ് വിചാരിക്കാത്തതുകൊണ്ടല്ല. ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിയും! ഗവൺമെന്റ് അവരെ പോസ്റ്റ് ചെയ്യുന്നു. എന്നാൽ അവർ ജോലിക്കുവരാൻ തയ്യാറാകുന്നില്ല. 1265 പേരെ പോസ്റ്റ് ചെയ്തിട്ട് 518 ആളുകളാണ് ജോയിൻ ചെയ്തത്. എന്തുചെയ്യാൻ കഴിയും! അപ്പോൾ അട്രാക്ടീവായിട്ടുള്ള വേതനം അവർക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. പി.ജി. കോഴ്സിന് അവർക്ക് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള സർവീസ് കാട്ട നിലനിർത്തുന്നതിനാവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അതോടൊപ്പം ഹൗസ്സർജൻസി കഴിഞ്ഞയാളുകൾ നിർബന്ധമായും റൂറൽ സർവീസിൽ ജോലി ചെയ്തിരിക്കണമെന്ന് ഉറപ്പുവരുത്താൻ ആവശ്യമായിട്ടുള്ള നിയമനിർമ്മാണം വരികയാണ്. അതുമാത്രമല്ല പി.ജി. കോഴ്സിൽ ചേരുന്ന ഡോക്ടർമാർക്ക് റൂറൽ സർവീസ് നിർബന്ധമായിരിക്കണമെന്ന് പി.ജി. കോഴ്സിന്റെ പ്രോസ്പെക്ടസിൽ അടുത്ത തവണ ഉൾപ്പെടുത്താൻ പോകുകയാണ്. അങ്ങനെ പ്രശ്നം കുറേയെങ്കിലും പരിഹരിക്കാൻ കഴിയും. മറ്റ് കാര്യങ്ങളൊക്കെ ഗവൺമെന്റ് കൂട്ടായി ആലോചിക്കേണ്ടതാണ്. വേതനം വർദ്ധിപ്പിക്കാതെ സർക്കാർ സർവീസിൽ ഡോക്ടർമാരെ കിട്ടാൻ പ്രയാസമാണ്.

ശ്രീ. കെ. സി. ജോസഫ്: പി.എസ്.സി. ലിസ്റ്റിൽ ഇനിയും ആളുകൾ ബാക്കിയുണ്ടെങ്കിൽ അവരെ അടിയന്തിരമായി നിയമിക്കണം. നിലവിലുള്ള കോൺട്രാക്ട് അപ്പോയിന്റ്മെന്റിന്റെ വേതനം 10,000 രൂപയെന്നുള്ളത് 20,000 ആക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.. കെ. രാമചന്ദ്രൻ മാസ്റ്റർ: ബാക്കിയുള്ള ആളുകളെ പെട്ടെന്ന് പോസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം. കോൺട്രാക്ട് അപ്പോയിന്റ്മെന്റിലും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ പി.എസ്.സി. മുഖേന നിയമിച്ചവരുടെയും വേതനകാര്യത്തിൽ വർദ്ധനവ് വരുത്തേണ്ടത് മന്ത്രിസഭയിൽ ആലോചിക്കേണ്ട കാര്യമാണ്. ഗവൺമെന്റിന് സാമ്പത്തികമായി ഒട്ടേറെ പരിമിതികളുണ്ട്. അതിനകത്തുനിന്ന് എന്തുചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യ മന്ത്രിയോടും ആലോചിച്ചതിനുശേഷം ടേക്കപ്പ് ചെയ്യാം.

(ശ്രീ. എ. കെ. ബാലൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അദ്ദേഹം നോട്ടീസ് കൊടുത്തിരുന്ന ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല).

IV. സബ്മിഷൻ

(1) ആർ.സി. ബുക്കിനും ഡ്രൈവിംഗ് ലൈസൻസിനുംവേണ്ട ഇലക്ട്രോണിക് കാർഡുകൾ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് രൂപത്തിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്മാർട്ട് ഓപ്ടിക്കൽ കാർഡ് രൂപത്തിലും നൽകുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ 10-2-2004-ൽ പുറപ്പെടുവിച്ച നിർദ്ദേശപ്രകാരമാണ് ഇത്തരത്തിൽ ഒരു തീരുമാനം എടുത്തതെന്ന് ഈ സഭയിൽ നൽകിയിട്ടുള്ള ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യമായ ടെൻഡർ വിളിച്ചതുമായി ബന്ധപ്പെട്ട് ചില സംസ്ഥാനങ്ങളിൽ ഗുരുതരമായിട്ടുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നതിന്റെ ഫലമായി ജാർഖണ്ഡ്, വെസ്റ്റ് ബംഗാൾ, മദ്ധ്യപ്രദേശ് ഈ സംസ്ഥാനങ്ങളിൽ സ്മാർട്ട് കാർഡ് പദ്ധതി പുനഃപരിശോധിക്കാൻ തിരുമാനിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇത്തരത്തിൽ സ്മാർട്ട് കാർഡ് നൽകുന്ന നിർദ്ദേശത്തെയല്ല ഞാൻ എതിർക്കുന്നത്. മാറ്റത്തിന് അനുസരിച്ച് അത് ആവശ്യമായിട്ടുവരും. എന്നാൽ ഇതിൽ ഈ ഗവൺമെന്റ് ഡിസൈൻ ചെയ്ത നിർദ്ദേശപ്രകാരം 4 കെ.ബി മൈക്രോ ചിപ്പ് ഉപയോഗിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ സ്മാർട്ട് കാർഡ്/ഓപ്റ്റിക്കൽ കാർഡിന് 1.5 എം.ബി. അഡീഷണൽ കപ്പാസിറ്റിയുണ്ട്. യഥാർത്ഥത്തിൽ 1.5 എം.ബി. അഡീഷണൽ കപ്പാസിറ്റിയുള്ള ഒരു ചിപ്പ് ഇതിനാവശ്യമില്ല. അനാവശ്യമായിട്ടുള്ള, ഇത്തരത്തിൽ ചിലത് ചേർത്തതിന്റെ ഫലമായി ഈ ലൈസൻസ് എടുക്കുന്ന ആളുകൾക്ക് 50 രൂപയ്ക്ക് ഉണ്ടാക്കുന്ന കാർഡിന് 400-ഉം, 450-ഉം രൂപ കൊടുക്കേണ്ടിവരും. 300-ഉം 350-ഉം രൂപയാണ് അധികം വരുന്നത്. ഇതിന്റെ ഫലമായി വാഹനം രജിസ്റ്റർ ചെയ്യുന്ന ആളുകൾക്കും ലൈസൻസ് എടുക്കുന്ന ആളുകൾക്കും വലിയ നഷ്ടം വരികയും ഈ കമ്പനിക്ക് കോടിക്കണക്കിന് ഉറുപ്പിക ലഭിക്കുകയും ചെയ്യുന്ന വിധത്തിലാണ് ടെൻഡർ

LIBRARY ARCHIVES Kerala Legislative Assembly